# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2812 17.10.2016 - ൽ മറുപടിക്ക്

## <u>സ്റ്റാഫ് നേഴ്സ് പ്രമോഷൻ</u>

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റോജി എം. ജോൺ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| എ) | ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നേഴ്സ് ഗ്രേഡ് II ആയി നേരിട്ട് നിയമനം ലഭിക്കുന്നവർക്ക് അടുത്ത് നൽകുന്ന പ്രമോഷൻ തസ്തിക ഏതാണെന്ന് വ്യക്തമാക്കുമോ; | എ) | സ്റ്റാഫ് നേഴ്സ് ഗ്രേഡ് I. |
| ബി) | പ്രസ്തുത തസ്തികയിൽ നിയമനം ലഭിക്കുന്ന വ്യക്തിക്ക് ഗ്രേഡ് I ആയി ജോലിക്കയറ്റം ലഭിച്ചാൽ ജില്ല വിട്ട് സ്ഥലം മാറ്റുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | ബി), സി), ഡി) & ഇ) | സ്റ്റാഫ് നേഴ്സ് ഗ്രേഡ് I തസ്തികയിലേക്ക് ജോലിക്കയറ്റം ലഭിക്കുമ്പോൾ ഒഴിവുകൾ ഉള്ള ജില്ലയിലേക്ക് സ്ഥലംമാറ്റം നൽകിയിരുന്നു. എന്നാൽ സ.ഉ (പി)നം.1/91/ഉ.ഭ.പ.വ തീയതി, 07.01.1991 പ്രകാരം ജില്ലാതല നിയമനം ലഭിച്ച ജീവനക്കാർക്ക് ഗ്രേഡ് പ്രൊമോഷൻ ലഭിക്കുമ്പോൾ അവർക്ക് വ്യത്യസ്ത ഗ്രേഡുകളിൽ ജോലി സ്വഭാവം ഒന്നാണെങ്കിലും അവരെ പ്രൊമോഷനു ശേഷവും അതാത് ജില്ലകളിൽ തന്നെ നിലനിർത്തണമെന്നും അവരുടെ ഗ്രേഡിന്റെ അനുപാതം ജില്ലാതലത്തിൽ പരിഗണിക്കാതെ വകുപ്പിനെ ഒറ്റ യൂണിറ്റായി കണക്കാക്കി സംസ്ഥാന തലത്തിൽ അനുപാതം കർശനമായി പാലിക്കണമെന്നും വ്യക്തമാക്കിയിട്ടുള്ള തിനാൽ സ.ഉ(സാധാ)നം.3844/2010/ ആ.കു.വ തീയതി 27.09.2010 പ്രകാരം ഗ്രേഡ് I തസ്തികകൾ സംസ്ഥാനതല തസ്തികകളായി കണക്കാക്കിയിരുന്നത്. 02.03.2016-ലെ സ.ഉ(സാധാ) നം.741/16/ ആ.കു.വ നമ്പർ പ്രകാരം 27.09.2010-ലെ ഉത്തരവ് റദ്ദ് ചെയ്തിട്ടുണ്ട്. 02.03.2016-ന് ശേഷം സ്റ്റാഫ് നഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് |
| സി) | എൻടി തസ്തികയിൽ നിന്നും പ്രമോഷൻ ലഭിക്കുകയും തുടർന്ന് അതേ ഓഫീസിൽ തന്നെ പലരും തുടരുന്നതും ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | | |
| ഡി) | പി.എസ്.സി. വഴി സ്റ്റാഫ് നേഴ്സ് ഗ്രേഡ് II തസ്തികയിൽ (ജില്ലാ വൈസ്) നിയമനം ലഭിച്ചവർക്ക് ഗ്രേഡ് I തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം ലഭിക്കുമ്പോൾ ഒഴിവുള്ള മറ്റ് ജില്ലകളിലേക്ക് മാറ്റം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | | |
| ഇ) | എൽ.ഡി ക്ലാർക്കിന് യു.ഡി ക്ലാർക്ക് പ്രമോഷൻ ലഭിക്കുമ്പോൾ ജില്ല മാറ്റി നിയമിക്കുന്നതു പോലെ സ്റ്റാഫ് നേഴ്സിന്റെ കാര്യത്തിൽ ഗ്രേഡ് I പ്രമോഷൻ ലഭിക്കുമ്പോൾ സീനിയോരിറ്റി നഷ്ടമാകാതെ ജില്ല മാറ്റി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം | | |

| | | | |
|---|---|---|---|
| | ലഭ്യമാക്കാമോ? | | ഹെൽത്ത് നഴ്സ് എന്നീ തസ്തികകളിലെ ഗ്രേഡ് I നിയമനം സ.ഉ(പി)നം. 1/91/ഉ.ഭ.പ.വ തീയതി, 07.01.1991-ന്റെ അടിസ്ഥാനത്തിൽ മാത്രം നടത്തേണ്ടതാണെന്നും അന്തർജില്ലാ സ്ഥലംമാറ്റത്തിന് ലഭിക്കുന്ന അപേക്ഷകൾ സ.ഉ(പി)നം.36/1991/ഉ.ഭ.പ.വ തീയതി, 02.12.1991, സ.ഉ(പി)നം.37/1996/ഉ.ഭ.പ.വ തീയതി, 07.11.1996, സ.ഉ(പി)നം. 42/2012/ഉ.ഭ.പ.വ തീയതി, 23.08.2012 എന്നീ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തീർപ്പാക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ